**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭ -നഗരസഭയും ഫിലിം സൊസൈറ്റിയും സംയുക്തമായി സംഘടിപ്പിച്ച 13-ാമത് ഫിലിം ഫെസ്റ്റിവൽ നടത്തിപ്പിലേക്ക് നഗരസഭ വിഹിതം നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2186/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **04/10/2019**

---

പരാമർശം:- 1.തൊടുപുഴ നഗരസഭ സെക്രട്ടറിയുടെ 21/06/2019 ലെ G4 25037/15 നമ്പർ കത്ത്.

2.നഗരകാര്യ ഡയറക്ടറുടെ 9/8/2019ലെ DC3/13998/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൊടുപുഴ നഗരസഭയും ഫിലിം സൊസൈറ്റിയും സംയുക്തമായി 2019 ഫെബ്രുവരി 7 മുതൽ 10 വരെ സംഘടിപ്പിച്ച 13-ാമത് ഫിലിം ഫെസ്റ്റിവൽ നടത്തിപ്പിലേക്ക് 2,17,498 /-രൂപ ചെലവായിട്ടുണ്ടെന്നും ആയതിൽ നഗരസഭ വിഹിതമായ 60,000 /-രൂപ അനുവദിക്കുന്നതിന് അനുമതി നല്കണമെന്നും പരാമർശം 1 കത്ത് പ്രകാരം തൊടുപുഴ നഗരസഭ സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നു. ടി ആവശ്യം പരാമർശം 2 കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 വർഷത്തിൽ നഗരസഭയുടെ ബഡ്ജറ്റിൽ 3.5 ലക്ഷം രൂപ ഉത്സവങ്ങൾ, മേളകൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ തൊടുപുഴ നഗരസഭയും ഫിലിം സൊസൈറ്റിയും സംയുക്തമായി 2019 ഫെബ്രുവരി 7 മുതൽ 10 വരെ സംഘടിപ്പിച്ച 13-ാമത് ഫിലിം ഫെസ്റ്റിവൽ നടത്തിപ്പിലേക്ക് നഗരസഭ വിഹിതമായി 60,000/-രൂപ(അറുപതിനായിരം രൂപ) നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

സെക്രട്ടറി,തൊടുപുഴ നഗരസഭ,ഇടുക്കി

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ